പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4840 22.3.2018 -ൽ മറുപടിയ്ക്ക്

## വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പ്രോജക്ടുകൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ.എം. രാജഗോപാലൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വിദേശ വിനോദസഞ്ചാരികളുടെ എണ്ണം പരിമിതമാണെന്നത് പരിഗണിച്ച് പ്രസ്തുത വിനോദസഞ്ചാരികളെ കൂട്ടുതലായി ആകർഷിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; വിശദമാക്കാമോ; | എ) | വിദേശ വിനോദസഞ്ചാരികളെ കൂടുതലായി കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് വകുപ്പ് മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. ഇതിന്റെ ഭാഗമായി അറബ് രാജ്യങ്ങളായ ദുബായ്/ഒമാൻ/കുവൈറ്റ്/സൗദി അറേബ്യ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് വകുപ്പ് മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ സംഘടിപ്പിച്ചു. സിംഗപ്പൂർ, മലേഷ്യ എന്നീ സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളിൽ മാൾ ബ്രാന്റിംഗ്, ഔട്ട് ഓഫ് ഹോം എന്നിവയും പ്രൊമോഷൻ ക്യാമ്പയിൻ ഇൻ യൂറോപ്പ് വഴി ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ് എന്നിവിടങ്ങളിൽ വകുപ്പ് വിവിധങ്ങളായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു കഴിഞ്ഞു. ഇന്റർനാഷണൽ മാർക്കറ്റ് ക്യാമ്പയിൻ വഴി അമേരിക്ക, ന്യൂസിലന്റ്, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ ഓൺലൈൻ ക്യാമ്പയിനും പ്രധാന പോർട്ടറുകളിൽ ബാനർ പരസ്യം പ്രചരിപ്പിച്ചു. സിംഗപ്പൂർ/മലേഷ്യ എന്നീ രാജ്യങ്ങളിൽ എയർപോർട്ട്/മാളുകളിൽ പരസ്യം വഴി ബ്രാന്റിംഗ് നടത്തി. വിദേശ രാജ്യങ്ങളിലെ പത്ര/ടി.വി/ഓൺലൈൻ/സോഷ്യൽ മീഡിയകൾ വഴി മികച്ച പ്രചരണം വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. സ്പെയിൻ, ന്യൂയോർക്ക്, മിലാൻ, ജർമ്മനി, ലണ്ടൻ എന്നിവിടങ്ങളിലെ ബി2ബി മീറ്റുകളിൽ വകുപ്പ് പങ്കെടുത്തു. മാത്രമല്ല മോസ്കോ, വാഴ്സ,കലാലംപൂർ, ചെങ്ഡു, മെൽബൺ, സിഡ്നി, ഗാറ്റ് വിക്ക്, ബർമിംഹാം, മാഞ്ചസ്റ്റർ എന്നിവിടങ്ങളിലെ ബി2ബി മീറ്റുകളിലും വകുപ്പ് പങ്കെടുക്കുകയുണ്ടായി. ഇവിടങ്ങളിൽ ഇതുവഴി നടത്തിയ പ്രചരണം |

| | | | |
|---|---|---|---|
| | | | വിദേശ രാജ്യങ്ങളിലെ സഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിനായി നടത്തിയ പദ്ധതികൾ ആണ്. കേരള ബ്ലോഗ് എക്സ്പ്രസ് വഴിയും വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ വകുപ്പ് ശ്രമം നടത്തുന്നുണ്ട്. വിവിധ ഓൺലൈൻ, സോഷ്യൽ മീഡിയകൾ വഴിയും വിദേശത്ത് മികച്ച പ്രചരണം നടത്തി വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേക്കെത്തിക്കാൻ കേരളാ ടൂറിസം വകുപ്പ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| ബി) | സ്പൈസസ് റൂട്ട് ടൂറിസം, പൈതൃക ടൂറിസം, കായൽ ടൂറിസം ,ആയുർവേദ ടൂറിസം തുടങ്ങി വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പര്യാപ്തമായ സംരംഭങ്ങൾ സമയബന്ധതിമായി പൂർത്തിയാക്കുവാനും പ്രസ്തുത പ്രോജക്ടുകൾ അന്താരാഷ്ട്ര തലത്തിൽ വിപണനം നടത്താനും ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം;വിശദമാക്കാമോ; | ബി) | സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുളള പൈതൃക ടൂറിസം പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. മുസിരിസ് പൈതൃക പദ്ധതി<br>2. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി<br>3. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതി<br>ഇതിൽ മുസിരിസ് പൈതൃക പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ സമഗ്രമായ DPR തയ്യാറാക്കി വരുന്നു.<br>സ്പൈസസ് റൂട്ട് പദ്ധതി- മുസിരിസ് പദ്ധതിയുടെ നടത്തിപ്പിനോടൊപ്പം അന്താരാഷ്ട്ര വിനോദസഞ്ചാരികളെ ആകർഷിക്കാൻ വേണ്ടി, പൗരാണിക കാലത്ത് സുഗന്ധവ്യഞ്ജന വ്യാപാര പങ്കാളിത്ത രാജ്യങ്ങളായിരുന്ന ബർമ്മ, ചൈന, ഡെൻമാർക്ക്, ഈജിപ്റ്റ്, ഗ്രീസ് തുടങ്ങിയ 31 ഓളം വിദേശ രാജ്യങ്ങളെ ബന്ധപ്പെടുത്തി ഒരു റൂട്ട് മാപ്പ് തയ്യാറാക്കുകയും അതിനെ സ്പൈസസ് റൂട്ട് എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഈ പദ്ധതിക്ക് അന്താരാഷ്ട്ര തലത്തിൽ വൻ വരവേൽപ്പ് ലഭിക്കുകയും യുണെസ്കോ സഹകരണം നൽകുകയുമുണ്ടായി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച സ്പൈസസ് റൂട്ട് 'കൾനറി ഫെസ്റ്റ്' -ന് അന്താരാഷ്ട്ര തലത്തിൽ മികച്ച പ്രതികരണം ലഭിക്കുകയുണ്ടായി.<br>പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുളള നടപടികൾ ത്വരിതഗതിയിൽ വകുപ്പ് നടത്തി വരുന്നു. |
| സി) | വിനോദസഞ്ചാര കേന്ദ്രങ്ങൾ വൃത്തിയായി പരിപാലിക്കുന്നതിനും റോഡ്, താമസ സൗകര്യം മുതലായ പശ്ചാത്തലസൗകര്യങ്ങൾ | സി) | ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശുചീകരണത്തിനായി കുടുംബശ്രീ മുഖേന ക്ലീൻ കേരള കാമ്പയിൻ പദ്ധതിയും മറ്റ് പ്രധാന കേന്ദ്രങ്ങളിൽ സന്നദ്ധ സംഘടനകൾ മുഖേനയും ശുചീകരണം വകുപ്പ് |

| | | | |
|---|---|---|---|
| | വികസിപ്പിക്കുന്നതിനും സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | | നടത്തി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയും, ടൂറിസം സെന്ററുകളെ ഭിന്നശേഷി സൗഹൃദമാക്കിയും, ബാരിയർ ഫ്രീ സൗകര്യം ഏർപ്പെടുത്തിയും, പരിസ്ഥിതി സൗഹൃദമായ വികസനങ്ങൾ ഏർപ്പെടുത്തിയും ഹരിതചട്ടം പാലിച്ചും സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ടു വരുന്നത്. സർക്കാർ മേഖലയിലും, സ്വകാര്യ മേഖലയിലും പൊതു സ്വകാര്യ സംരംഭകർ മുഖേന വിനോദ സഞ്ചാരികൾക്കായി ഹോട്ടലുകൾ, മോട്ടലുകൾ തുടങ്ങിയവ നിർമ്മിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**